"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്ത് - ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയായ 'സ്നേഹസ്പർശം' 2025-26 വർഷത്തിൽ നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.563/2026/LSGD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 4.5
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 4.8
3. സ.ഉ.(സാധാ) നം.1113/2025/LSGD; തീയതി 05.05.2025
4. കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2025-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2025-ലെ DP6 - 20/25 നമ്പർ കത്തും കോഴിക്കോട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2025 -ലെ 14(1)-ാം നമ്പർ തീരുമാനവും
5. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.01.2026-ലെ SSMKKD427/2026 നമ്പർ കത്ത്
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.6

**ഉത്തരവ്**

ജില്ലയിലെ വൃക്ക രോഗികൾ, വൃക്ക, കരൾ മാറ്റി വെച്ചവർ, മാനസിക രോഗികൾ, അഗതികളായ എയ്ഡ്സ് രോഗബാധിതർ എന്നിവരുടെ ക്ഷേമത്തിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2012 മുതൽ വിജയകരമായി നടപ്പിലാക്കിവരുന്ന ജീവകാരുണ്യ പദ്ധതിയാണ് 'സ്നേഹസ്പർശം'. 2017-18 മുതൽ തുടർച്ചയായി സർക്കാർ അംഗീകാരത്തോടെ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കി വരുന്നത്. 2024-25 ൽ പദ്ധതി നടപ്പാക്കുന്നതിന് പരാമർശം 3 പ്രകാരം അനുമതി നൽകിയിരുന്നു.

2. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 4 ലക്ഷം രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകൾ 7 ലക്ഷം രൂപ വീതം, ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപയും, നഗരസഭ 7.00 ലക്ഷം രൂപ

വീതവും, കോർപ്പറേഷൻ 1 കോടി രൂപയും വകയിരുത്തുന്ന വിഹിതം കിഡ്നി പേഷ്യൻസ് വെൽഫെയർ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് സ്വീകരിച്ച്, 2025-26 വർഷവും ഈ പ്രോജക്റ്റ് നടപ്പാക്കാൻ പരാമർശം 4, 5 പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശം 6 യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയായ 'സ്നേഹസ്പർശം' ഒരു തുടർ പദ്ധതി എന്ന നിലയിൽ, താഴെപ്പറയുന്ന നിബന്ധനകളോടെ 2025-26 ൽ നടപ്പാക്കാൻ (പ്രോ.നം. 427/26) അനുമതി നൽകി ഉത്തരവാകുന്നു. അടുത്ത വർഷം ഈ പ്രോജക്റ്റ് നടപ്പാക്കുന്നുണ്ടെങ്കിൽ വർഷാരംഭത്തിൽ തന്നെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങി വേണം നടപ്പാക്കേണ്ടത്. അനുമതിക്കായി നൽകുമ്പോൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, 2025-26ലെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തണം.

- കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റിയുടെ ഘടനയിൽ ഇനി പറയും പ്രകാരമുള്ള മാറ്റം വരുത്തി വേണം പ്രോജക്റ്റ് നടപ്പാക്കേണ്ടത്.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - ചെയർമാൻ |
| ജില്ലാ കളക്ടർ | - സെക്രട്ടറി |
| തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ | - ജോയിന്റ് സെക്രട്ടറി |
| ജില്ലാ പഞ്ചായത്ത് സെക്രട്ടറി | - കൺവീനർ |

- ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചു ചേർത്തുവേണം ഓരോ തദ്ദേശഭരണ സ്ഥാപനവും നൽകേണ്ട വിഹിതം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.
- സൊസൈറ്റി രേഖകളും ഓരോ വർഷത്തെ നടത്തിപ്പും ലോക്കൽ ഫണ്ട് ഓഡിറ്റിനും C&AG ഓഡിറ്റിനും വിധേയമാക്കണം. ഒപ്പം ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റും നടത്തണം.
- ഓരോ വർഷവും പ്രവർത്തന റിപ്പോർട്ട് സർക്കാരിന് നൽകണം. ഒപ്പം ഇവ ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകണം.
- മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി പാലിച്ചു വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
- സംഭാവനയടക്കം മറ്റു സ്രോതസ്സിലൂടെ പരമാവധി തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.
- പ്രതിഫലം നൽകിക്കൊണ്ട് ആരേയും നിയമിക്കാവുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
2. കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3. കോഴിക്കോട് ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. മേയർ/ സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
5. കോഴിക്കോട് ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, കോഴിക്കോട്
12. ജില്ലാ കളക്ടർ, കോഴിക്കോട്
13. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
14. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), കോഴിക്കോട്
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-03-2026 17:29:14
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്